# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2344</u> <u>18/06/2014-ൽ മറുപടിക്ക്</u>

## പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ മരുന്നുകളുടെ വിതരണ മാനദണ്ഡം

**ചോദ്യം** **മറുപടി**

**ശ്രീ. ഇ. കെ. വിജയൻ**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | പ്രൈമറി ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ മരുന്നുകൾ വിതരണം നടത്തുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ? | (എ) | പ്രൈമറി ഹെൽത്ത് കെയറിനാവശ്യമായ മരുന്നുകളുടെ മാനദണ്ഡത്തിൽ ഒരു വിദഗ്ധ സമിതിയാണ് പ്രൈമറി ഹെൽത്ത് സെന്ററുകളിലേക്ക് ഏതെല്ലാം മരുന്നുകളാണ് വിതരണം ചെയ്യേണ്ടത് എന്ന് തീരുമാനിക്കുന്നത്. പ്രാദേശിക ഘടകങ്ങളും മരുന്ന് വിതരണത്തിനുള്ള മാനദണ്ഡമാണ്. |
| (ബി) | സംസ്ഥാനത്ത് പി.എച്ച്.സി.കളിൽ പ്രാദേശിക വ്യത്യാസമനുസരിച്ച് മരുന്നുകളുടെ ഉപയോഗത്തിൽ ഏറ്റക്കുറിച്ചിലുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പ്രാദേശിക വ്യത്യാസമനുസരിച്ച് മരുന്നുകളുടെ ഉപയോഗത്തിൽ വലിയ ഏറ്റക്കുറച്ചിലുകളുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | ഇതു കാരണം അവശ്യമരുന്നുകളുടെ ദൗർലഭ്യവും ആവശ്യമില്ലാത്ത മരുന്നുകളുടെ - അധിക സ്റ്റോക്ക് വരുന്നതുമായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ പ്രാദേശികമായ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മരുന്നുകൾ വാങ്ങുന്നതിന് പഞ്ചായത്ത് പ്രോജക്ടുകൾ വഴി അനുമതി നൽകുന്നത് പരിഗണിക്കുമോ ; | (ഡി) | പഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ആവശ്യകത കണക്കിലെടുത്ത് മരുന്ന് വാങ്ങാൻ അനുമതി നൽകാറുണ്ട്. |
| (ഇ) | ഇല്ലെങ്കിൽ പ്രാദേശികമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മരുന്ന് ലഭ്യമാക്കാൻ ബദൽ നടപടി സ്വീകരിക്കുമോ ? | (ഇ) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ